**ശ്രീ ശങ്കര ട്രസ്റ്റ്**
Reg.No.12/1965

ഇലക്ഷൻ ഓഫീസ്
ശ്രീ ശങ്കര ട്രസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്
വളയൻചിറങ്ങര പി.ഒ.
ഫോൺ നമ്പർ 0484 - 2657338
5/8/2009

## ട്രസ്റ്റ് കൗൺസിൽ തിരഞ്ഞെടുപ്പ് വിജ്ഞാപനം

ശ്രീശങ്കര ട്രസ്റ്റ് കൗൺസിലിലേക്ക് ട്രസ്റ്റ് തിരഞ്ഞെടുപ്പു ചട്ടം 4-ാം വകുപ്പനുസരിച്ച് പൊതുയോഗാംഗങ്ങൾക്കിടയിൽ നിന്നും അന്വത്ര ചേർത്തിട്ടുള്ള സമയവിവരപ്പട്ടികയുടെ അടിസ്ഥാനത്തിൽ 2009-ാമാണ്ടിൽ നടക്കുന്ന തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം. തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികമേൽപ്പടി തെരഞ്ഞെടുപ്പു ചട്ടം 3-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ട്രസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലും ട്രസ്റ്റു മാനേജുമെന്റിന്റെ കീഴിലുള്ള ശ്രീശങ്കര വിദ്യാപീഠം കോളേജ് വളയൻചിറങ്ങര, ശ്രീശങ്കര വിദ്യാപീഠം കോളേജ് നഗരൂർ, വി.ടി.ബി. കോളേജ് ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു. ട്രസ്റ്റ് കൗൺസിൽ തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയായി മത്സരിക്കുവാൻ താൽപര്യമുള്ള വോട്ടർമാർ വോട്ടർപട്ടികയിൽ പേരുള്ള ഒരാൾ നിർദ്ദേശകനും മറ്റൊരാൾ അനുവാദകനുമായി, സമയവിവരപ്പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിപാലിച്ചുകൊണ്ട് റിട്ടേണിംഗ് ഓഫീസർ മുമ്പാകെയോ അതാത് മേഖലാഅസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ മുമ്പാകെയോ നേരിട്ട് ഹാജരായി നിശ്ചിത ഫോറത്തിൽ നാമനിർദ്ദേശപത്രിക ഒപ്പിട്ട് സമർപ്പിക്കേണ്ടതാകുന്നു. സൂക്ഷ്മപരിശോധനയ്ക്കു ശേഷം സാധുവായി കാണുന്ന പത്രികകളിൽ പിൻവലിച്ചവ കഴിച്ച് ബാക്കിയുള്ള സ്ഥാനാർത്ഥികളിൽ നിന്നും ആവശ്യമായി വരുന്ന പക്ഷം രഹസ്യബാലറ്റിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതാകുന്നു. സ്ഥാനാർത്ഥികൾ സമയപരിധിയ്ക്കകത്ത് നേരിട്ടു സമർപ്പിക്കാത്തതും അവ്യക്തവും അപൂർണ്ണവുമായ നാമനിർദ്ദേശ പത്രികകൾ സ്വീകാര്യമല്ലാത്തതാകുന്നു.

1. ശ്രീശങ്കര ട്രസ്റ്റ് മാനേജ്മെന്റിന് കീഴിലുള്ള എസ്.എസ്.വി. കോളേജ് നഗരൂർ, കിളിമാനൂർ, എസ്.എസ്.വി കോളേജ് വളയൻ ചിറങ്ങര, പെരുമ്പാവൂർ, വി.റ്റി.ബി. കോളേജ് ശ്രീകൃഷ്ണപുരം എന്നീ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാരെ യഥാക്രമം, ദക്ഷിണമേഖല, മദ്ധ്യമേഖല, ഉത്തരമേഖല, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരായി നിയമിച്ചിരിക്കുന്നു.

2. അംഗസ്ഥാപനങ്ങളുടേയും സംഘടനകളുടേയും പ്രതിനിധികൾക്ക് മാറ്റമുള്ള പക്ഷം ആ വിവരം പ്രാഥമിക അംഗത്വ ലിസ്റ്റിന്മേൽ ആക്ഷേപം ബോധിപ്പിക്കുവാനുള്ള സമയപരിധിക്കകത്ത് ട്രസ്റ്റ് സെക്രട്ടറിയേയും, റിട്ടേണിംഗ് ഓഫീസറേയും രേഖാമൂലം അറിയിക്കേണ്ടതും അല്ലാത്ത പക്ഷം പ്രതിനിധികൾക്ക് മാറ്റമില്ല എന്ന നിഗമനത്തിൽ നിലവിലുള്ളവരെ തുടരുവാൻ അനുവദിക്കുന്നതുമാകുന്നു.

3. ട്രസ്റ്റ് നിയമാവലി വകുപ്പ് 10 പ്രകാരം കൗൺസിലിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് അതാത് മേഖലയിൽ അതാത് ക്ലാസിൽപ്പെട്ട അംഗങ്ങൾക്ക് മാത്രമേ അർഹതയുള്ളൂ.

4. നാമനിർദ്ദേശപത്രികാ സമർപ്പണവും, പിൻവലിയ്ക്കലും റിട്ടേണിംഗ് ഓഫീസർ മുമ്പാകെയോ അതതുമേഖലാ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരുടെ മുമ്പാകെയോ സ്ഥാനാർത്ഥി നേരിട്ട് ഹാജരായി വേണ്ടതാകുന്നു. ശ്രീ ശങ്കര ട്രസ്റ്റ് ഹെഡ് ഓഫീസ് തന്നെ ഇലക്ഷൻ ഓഫീസായി പ്രവർത്തിക്കുന്നതാണ്.

5.വോട്ടർമാർ വോട്ടു ചെയ്യാൻ വരുമ്പോൾ ഫോട്ടോ പതിച്ച ID പ്രൂഫ് കൊണ്ടുവരേണ്ടതാണ്. (വോട്ടേഴ്സ് ID കാർഡ്, ഡ്രൈവിങ്ങ് ലൈസൻസ്, പാൻ കാർഡ് മറ്റേതെങ്കിലും അംഗീകൃത ID കാർഡ് ഇവയിലേതെങ്കിലും ഒന്ന്)

കൗൺസിൽ തെരഞ്ഞെടുപ്പ് പൂർത്തിയായതിനുശേഷം ട്രസ്റ്റ് എക്സി.ലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതായിരിക്കും.

ട്രസ്റ്റു കൗൺസിലേക്ക് മേഖല തിരിച്ച് തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ വിവരം

| മേഖല | നിയോജകമണ്ഡലം | ആകെ അംഗത്വം | | | | | | തിരഞ്ഞെടുക്കപ്പെടേണ്ടവർ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ക്ലാസ്സ് | A | B | C | D | E | | B | C | D | E | ആകെ |
| ദക്ഷിണമേഖല അംഗങ്ങൾ | തിരുവനന്തപുരം | 144 | 7 | 10 | 0 | 6 | | 4 | 3 | 0 | 1 | 8 |
| | കൊല്ലം | 9 | 0 | 1 | 0 | 2 | | 0 | 1 | 0 | 1 | 2 |
| | പത്തനംതിട്ട | 24 | 4 | 12 | 3 | 33 | | 2 | 3 | 1 | 1 | 7 |
| | ആലപ്പുഴ | 46 | 3 | 12 | 0 | 16 | | 2 | 3 | 0 | 1 | 6 |
| | ആകെ | **223** | **14** | **35** | **3** | **57** | | **8** | **10** | **1** | **4** | **23** |
| മദ്ധ്യമേഖല അംഗങ്ങൾ | കോട്ടയം | 37 | 7 | 16 | 7 | 57 | | 4 | 4 | 1 | 1 | 10 |
| | ഇടുക്കി | 4 | 1 | 2 | 0 | 0 | | 1 | 1 | 0 | 0 | 2 |
| | എറണാകുളം | 177 | 10 | 106 | 4 | 26 | | 5 | 27 | 1 | 1 | 34 |
| | തൃശ്ശൂർ | 91 | 10 | 102 | 1 | 5 | | 5 | 26 | 1 | 1 | 33 |
| | **ആകെ** | **309** | **28** | **226** | **12** | **88** | | **15** | **58** | **3** | **3** | **79** |
| ഉത്തരമേഖല അംഗങ്ങൾ | പാലക്കാട് | 94 | 23 | 175 | 0 | 3 | | 12 | 44 | 0 | 1 | 57 |
| | മലപ്പുറം | 28 | 6 | 26 | 0 | 1 | | 3 | 7 | 0 | 1 | 11 |
| | കോഴിക്കോട് | 7 | 0 | 7 | 0 | 0 | | 0 | 2 | 0 | 0 | 2 |
| | കണ്ണൂർ | 16 | 0 | 3 | 0 | 0 | | 0 | 1 | 0 | 0 | 1 |
| | വയനാട് | 0 | 0 | 1 | 0 | 0 | | 0 | 1 | 0 | 0 | 1 |
| | **ആകെ** | **145** | **29** | **212** | **0** | **4** | | **15** | **57** | **0** | **2** | **72** |
| **ആകെ അംഗങ്ങൾ** | | | | | | | | **ആകെ** | | | | **174** |

# ശ്രീശങ്കര ട്രസ്റ്റ് കൗൺസിൽ തിരഞ്ഞെടുപ്പ് – 2009

## സമയവിവരപ്പട്ടിക

A . പ്രാഥമിക അംഗത്വ ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി : 10.8.09

**സ്ഥലങ്ങൾ** :

1. ശ്രീശങ്കര ട്രസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വളയൻ ചിറങ്ങര
2. ശ്രീശങ്കര വിദ്യാപീഠം കോളേജ് പ്രിൻസിപ്പാളുടെ ഓഫീസ് , വളയൻ ചിറങ്ങര
3. ശ്രീശങ്കര വിദ്യാപീഠം കോളേജ് പ്രിൻസിപ്പാളുടെ ഓഫീസ് , നഗരൂർ, കിളിമാനൂർ
4. വി.റ്റി.ബി. കോളേജ് പ്രിൻസിപ്പാളുടെ ഓഫീസ് , ശ്രീകൃഷ്ണപുരം

B . പ്രാഥമിക അംഗത്വ ലിസ്റ്റിന്മേൽ ഇലക്ഷൻ ഓഫീസിലോ ശ്രീശങ്കര ട്രസ്റ്റ്
ഹെഡ്ക്വാർട്ടേഴ്സ് മേഖലാ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരുടെ
ഓഫീസുകളിലോ ആക്ഷേപം ബോധിപ്പിക്കുവാനുള്ള അവസാന തീയതി : 20.8.09

C . പ്രാഥമിക അംഗത്വ ലിസ്റ്റ് പ്രസിദ്ധീകരിച്ച ഓഫീസുകളിൽ
ഫൈനൽ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : 31.8.09

D . നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന സമയം : 10.9.09 3 മണി

E . ഇലക്ഷൻ ഓഫീസിൽ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന
നടത്തുന്ന ദിവസം : 14.9.09 2 മണി

F . നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന സമയം : 22.9.09

G . വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഓഫീസുകളിൽ
സ്ഥാനാർത്ഥിപ്പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : 26.09.09

H . മേഖലാടിസ്ഥാനത്തിൽ പോളിംഗ് തീയതിയും സ്ഥലവും സമയവും

1. ദക്ഷിണമേഖല - S.S.V കോളേജ് നഗരൂർ, കിളിമാനൂർ : 11.10.09
2. മദ്ധ്യമേഖല - S.S.V കോളേജ് , വളയൻചിറങ്ങര : 11.10.09
3. ഉത്തരമേഖല - വി.റ്റി.ബി. കോളേജ് ശ്രീകൃഷ്ണപുരം : 11.10.09

} 10.a.m. To 4.p.m.

I. വോട്ടെണ്ണൽ അതത് കേന്ദ്രങ്ങളിൽ - : 11.10.09 – 5 മണി

J . ഫലപ്രഖ്യാപനം - വോട്ടെണ്ണി തീരുന്ന മുറയ്ക്ക് അതത് കേന്ദ്രങ്ങളിൽ
വോട്ടെണ്ണലിൽ തർക്കമുള്ള പക്ഷം അന്തിമ തീരുമാനം റിട്ടേണിംഗ് ഓഫീസർക്കായിരിക്കുന്നതാണ്.

**വി.വി. നാരായണൻ നമ്പൂതിരിപ്പാട് (റിട്ടേണിംഗ് ഓഫീസർ)**
വെടിയൂർ മന, ശ്രീമൂലനഗരം, പിൻ - 683580

**റിട്ടേണിംഗ് ഓഫീസറെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ**

1. **0484 – 2657338** (ട്രസ്റ്റ് ഹെഡ് ഓഫീസ്, വളയൻചിറങ്ങര), **0484 – 2600138**(വസതി),മൊബൈൽ : **9447165382**, **0484 – 3214392**

**എ.ആർ.ഒ. മാരുടെ ഫോൺ നമ്പറുകൾ**

1. *ദക്ഷിണമേഖല* - പ്രിൻസിപ്പൽ, എസ്.എസ്.വി. കോളേജ്, നഗരൂർ. ഫോൺ : **0470 – 2678899**
2. *മദ്ധ്യമേഖല* - പ്രിൻസിപ്പൽ, എസ്.എസ്.വി. കോളേജ്, വളയൻചിറങ്ങര, പെരുമ്പാവൂർ ഫോൺ : **0484 – 26556938, 2657038**
3. *ഉത്തരമേഖല* - പ്രിൻസിപ്പൽ, വി.റ്റി.ബി. കോളേജ്, ശ്രീകൃഷ്ണപുരം ഫോൺ : **0466 – 2268285,2202223**

---

From
**വി.വി. നാരായണൻ നമ്പൂതിരിപ്പാട് (റിട്ടേണിംഗ് ഓഫീസർ)**
വെടിയൂർ മന, ശ്രീമൂലനഗരം, പിൻ - 683580